7 (*559) തൊഴിൽനിയമങ്ങൾ പരിഷ്കരിക്കാൻ നടപടി

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥൻമാരുടെ നിർദ്ദേശങ്ങൾ പാലിക്കാത്ത തൊഴിലുടമകളെ പ്രോസിക്യൂട്ട് ചെയ്യാൻ തൊഴിൽനിയമങ്ങളിൽ ഇപ്പോഴുള്ള വ്യവസ്ഥകൾ പര്യാപ്തമാണെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ ഈ നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കാൻ നടപടി എടുക്കുമോ;

(സി) സംസ്ഥാനത്തെ ലേബർ കോടതികളിൽ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് അനുസരിച്ച് എത്ര കേസുകൾ നിലവിലുണ്ട്;

(ഡി) ഇതിൽ ഒരു വർഷത്തിനുമേൽ പഴക്കമുള്ളവ എത്ര?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ)&(ബി) വിവിധ തൊഴിൽനിയമങ്ങളിലെ വ്യവസ്ഥകൾ ലംഘിക്കുന്ന തൊഴിലുടമകൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ കൈക്കൊള്ളാൻ പര്യാപ്തമായ വ്യവസ്ഥകൾ എല്ലാ തൊഴിൽ നിയമങ്ങളിലും ഉൾപ്പെടുത്തിയിട്ടുണ്ട്. വിവിധ തൊഴിൽനിയമങ്ങളുടെ പരിപാലനത്തിന് തടസ്സം സൃഷ്ടിക്കുന്ന വ്യവസ്ഥകൾ ശ്രദ്ധിക്കപ്പെട്ടാൽ അത്തരം വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(സി) 1365 കേസുകൾ

(ഡി) 1162 എണ്ണം.

8 (*561) പെരിയാർ നദിയുടെ സംരക്ഷണം

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ജനങ്ങൾ കുടിവെള്ളത്തിന് ആശ്രയിക്കുന്ന പെരിയാർ നദിയുടെ സംരക്ഷണത്തിന് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ;

(ബി) പെരിയാറിൽനിന്നും അനിയന്ത്രിതമായി മണൽവാരുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കോടതി നിർദ്ദേശങ്ങൾപോലും ലംഘിച്ചുകൊണ്ട് നടക്കുന്ന മണൽവാരൽ തടയുവാൻ ഫലപ്രദമായ എന്ത് നടപടികളാണ് സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ഡി) പെരിയാറിൽനിന്നും അമിതമായി വെള്ളം മറ്റാവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; എങ്കിൽ ഇത് ശുദ്ധജല വിതരണപദ്ധതികളെ പ്രതികൂലമായി ബാധിക്കുമെന്നും മലിനീകരണം വർദ്ധിക്കാൻ ഇടവരുത്തുമെന്നും വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) കേരളത്തിലെ പ്രധാന നദികളുടെയും അരുവികളുടെയും സംരക്ഷണവും സുരക്ഷയും ഉറപ്പാക്കുന്നതിനായി പെരിയാർ, ഭാരതപ്പുഴ മുത

LIBRARY ARCHIVES Kerala Legislative Assembly